# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 മാർച്ച് 28**

---

## സി.ടി.സി.ആർ.ഐ - എം.ജി. സർവകലാശാല സഹകരണത്തിന് ധാരണ

തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്ര വും(സി.ടി.സി.ആർ.ഐ) മഹാത്മാ ഗാന്ധി സർവകലാശാലയും തമ്മിൽ ഗവേഷ ണ മേഖലയിൽ സഹകരണത്തിന് ധാരണയായി. ബയോടെക്നോളജി, ബയോ കെമിസ്ട്രി, മൈക്രോബയോളജി, കാലാവസ്ഥാ പഠനം, നാനോ ടെക്നോളജി, സ്മാർട്ട് ഫാമിംഗ്, ഭക്ഷ്യ സംസ്കരണം, മൂല്യവർധന തുടങ്ങിയ മേഖലകളിലാ ണ് രണ്ടു സ്ഥാപനങ്ങളും യോജിച്ചു പ്രവർത്തിക്കുക.

സർവകലാശാലയിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോ മസും സി.ടി.സി.ആർ.ഐ ഡയറക്ടർ ഡോ. ജി. ബൈജുവുമാണ് ധാരണാ പത്ര ത്തിൽ ഒപ്പുവച്ചത്. കാർഷിക മേഖലയിൽ പ്രത്യേകിച്ച് കിഴങ്ങുവിളകളുടെ കൃഷി യിൽ നിലവിൽ നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനു ള്ള ഗവേഷണങ്ങൾ ഇതിലൂടെ സാധ്യമാകുമെന്ന് പ്രഫ. സാബു തോമസ് പറ ഞ്ഞു.

സർവകലാശാലയിലെ പി.എച്ച്.ഡി വിദ്യാർഥികളുടെ ഗവേഷണ കേന്ദ്രമെന്ന നി ലയിൽ  പ്രവർത്തിക്കാൻ സി.ടി.സി.ആർ.ഐക്ക് കഴിയുമെന്ന് ഡോ. ബൈജു അ റിയിച്ചു.

സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ആന്റ് ടെക്നോളജി കോ-ഓർഡിനേറ്റർ ഡോ. എൻ. വത്സലകുമാർ, സ്കൂൾ ഓഫ് ബയോ സയൻസസ് ഡയറക്ടർ ഡോ. എം.എസ്. ജിഷ എന്നിവരും ചടങ്ങിൽ പ ങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ
മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ചടങ്ങിൽ ധാരണാപത്രം ഒപ്പുവച്ച സി.ടി.സി.ആർ.ഐ ഡയറക്ടർ ഡോ. ജി. ബൈജു വൈസ് ചാൻസലർ പ്രഫ. സാബു തോമസിനൊപ്പം.

(പി.ആർ.ഒ/39/355/2023)

## പരീക്ഷാ ഫലം

2022 ജൂലൈയിൽ നടത്തിയ എം.കോം(സി.എസ്.എസ്) ഒന്നാം സെമസ്റ്റർ(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2019 അഡ്മിഷൻ സപ്ലിമെന്ററി), മാസ്റ്റർ ഓഫ് കൊമേഴ്സ് ആന്റ് മാനേജ്മെന്റ്(സി.എ സ്.എസ്) ഒന്നാം സെമസ്റ്റർ(2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂ വ്മെന്റും സപ്ലിമെന്ററിയും) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ പത്തുവരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
....................
മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് റീ അപ്പിയറൻസ് പരീക്ഷയുടെ (ഏ പ്രിൽ 2022) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരി ശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ പത്തുവരെ ഓൺലൈനിൽ അ പേക്ഷ നൽകാം.
..................
നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി( 2020 അഡ്മിഷൻ റെ ഗുലർ, 2016, 2017 2018 , 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മി ഷൻ മൂന്നാം മെഴ്സി ചാൻസ് ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അട ച്ച് ഏപ്രിൽ 11 വരെ പരീക്ഷാ കൺട്രോളുടെ കാര്യാലയത്തിൽ അപേക്ഷ നൽ കാം.

(പി.ആർ.ഒ/39/356/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി, എം.എ (ന്യൂ സ്കീം – 2022 അഡ് മിഷൻ റെഗുലർ 2020 അഡ്മിഷൻ സപ്ലിമെന്ററിയും ഇംപ്രൂവ്മെന്റും) പരീക്ഷയ്

ക്ക് മാർച്ച് 31 മുതൽ ഏപ്രിൽ നാലു വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷ നൽകാം. പിഴയോടു കൂടി ഏപ്രിൽ അഞ്ചിനും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ പത്തിനും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/357/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ(2020 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ പരീക്ഷ ഏപ്രിൽ 11ന് നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/358/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**